**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 781** **28-01-2026 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ സഹകരണ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു പ്രതിഭ** | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** |

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ കായംകുളം മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ?

(എ) കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്കിൽ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) പ്രകാരം 138.83 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയും കൃഷി പരിശീലനം നടത്തുന്നതിന് വേണ്ട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു. ടി സംഘത്തിൽ തന്നെ 1.54 കോടി രൂപ ചിലവാക്കി ഗോഡൗൺ പണിയും നടന്നു വരുന്നുണ്ട്. ആയത് പൂർത്തിയായാൽ ഭരണിക്കാവ് പഞ്ചായത്തിലെ കാർഷിക ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനു ഉപയുക്തമാക്കാവുന്നതാണ്.

പെരിങ്ങാല സർവ്വീസ് സഹകരണ ബാങ്ക് 2152ൽ മോഡൽ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് കാറ്ററിംഗ് യൂണിറ്റ് നടത്തി വരുന്നു.

കായംകുളം മണ്ഡലത്തിൽ ചുവടെ പറയും പ്രകാരമുള്ള പദ്ധതികളിലൂടെ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുജ്ജീവനം | 18,20,000/- |
| 2 | വനിതാ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധനഗ്രാന്റ് | 2,00,000/- |
| 3 | എസ്.സി/എസ്.റ്റി സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധനഗ്രാന്റ് | 2,00,000/- |
| 4 | ഓഹരി മൂലധന സഹായം | 10,00,000/- |
| 5 | കാർഷിക സേവനകേന്ദ്രം | 5,00,000/- |
| 6 | അടിസ്ഥാന സൗകര്യ വികസനം | 21,11,000/- |
| 7 | മാതൃകാ സഹകരണ സംഘം | 50,00,000/- |

| | | |
|---|---|---|
| 8 | കമ്പ്യൂട്ടർവൽക്കരണം | 3,00,000/- |
| 9 | ഗ്രാമീൺ മാർക്കറ്റ് | 10,00,000/- |
| 10 | അംഗസമാശ്വാസനിധി | 54,55,000/- |

സെക്ഷൻ ഓഫീസർ